140 (766) നീതി മെഡിക്കൽ സ്റ്റോർ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതായി അറിയുമോ;

(ബി) ഇത് സംബന്ധിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായി ഫെഡറേഷൻ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുള്ളതായി അറിയുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതുവരെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്രയുംവേഗം രോഗികളുടെ സൗകര്യാർത്ഥം ഈ മെഡിക്കൽ കോളേജിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻവേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുമോ?

ഉത്തരം

(എ)-(ഡി) കൺസ്യൂമർ ഫെഡറേഷനിൽനിന്നും പരിയാരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ കോളേജധികൃതർക്ക് കിട്ടിയിട്ടുണ്ട്. ഇക്കാര്യം അവരുടെ പരിശോധനയിലാണ്.

141 (767) ലബോറട്ടറി ടെക്നീഷ്യൻമാരുടെ ഒഴിവുകൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ രണ്ടാം ഗ്രേഡ് ലബോറട്ടറി ടെക്നീഷ്യൻമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന തെരഞ്ഞെടുത്തവരിൽ എത്രപേരെ ഇതുവരെ ഈ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്;

(സി) എത്ര ഒഴിവുകളിൽ ഇപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഉദ്യോഗസ്ഥർ തുടരുന്നു;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം ലഭിച്ചവരെ ഉടൻതന്നെ പിരിച്ചുവിടാനും ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി തെരഞ്ഞെടുക്കപ്പെട്ടവരെ നിയമിക്കുവാനും സത്വര നടപടി സ്വീകരിക്കുമോ;

(ഇ) ഒഴിവുകൾ നികത്താൻ ഡി.എം.ഒ. ഓഫീസിൽ നിന്നും പി.എസി.സി.യിലേയ്ക്ക് ശരിയായ ഫാറത്തിലല്ല എഴുതിയതെന്നും, ശരിയായ രീതിയിൽ എഴുതാൻ പി.എസ്.സി. നിർദ്ദേശിച്ചിട്ടും ഡി.എം.ഒ. ആഫീസിൽ നിന്നും ഇതുവരെ മറുപടി നൽകിയിട്ടില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 30 ഒഴിവുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഏഴ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ മറുപടി 3.5.1999-ൽ പി.എസ്. സി.ക്ക് നൽകിയിട്ടുണ്ട്.

142 (768) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട് മെന്റിലുമായി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പി.എസ്.സി. ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 20-ഉം ആരോഗ്യവകുപ്പിൽ 22-ഉം തസ്തികകൾ ഇപ്പോൾ ഒഴിവുണ്ട്.

(ബി) ഉണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ടി തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് 26.5.98-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആരോഗ്യവകുപ്പിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 29.12.98 ലെ ഗസറ്റ് വിജ്ഞാപന പ്രകാരവും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

143 (769) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ എൽ.എം.വി. ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ എൽ.എം.വി. ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ വകുപ്പിൽ എംപ്ലോയ്മെന്റ്, താൽക്കാലിക, ദിവസക്കൂലി ഇനത്തിൽ എത്രപേർ ജോലി ചെയ്തുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly